*English Version*

No. C5-198361/2015/PHQ,
Police Headquarters,
Thiruvananthapuram,
Dated, 10/08/2016.

**Circular No. 14/2016**

Sub:-Police interference in civil disputes – guidelines – reg.
Ref:-1. Circular No.04/2012 dated 10-03-2012.
2. Letter No.C5-198361/2015/PHQ dated 11-01-2016 and 17-03-2016 from the State Police Chief.
3. Judgment of the Hon'ble High Court of Kerala dated 31-05-2016 in WP(C) No.17740/2016 (copy enclosed).

In view of the provisions under section 63 of the Kerala Police Act, 2011, Court verdicts and recommendations of the Kerala State Human Rights Commission and the Kerala State Police Complaints Authority, instructions have already been issued vide references 1st and 2nd cited that no Police Officer shall interfere in any dispute of civil nature and they shall not summon the parties by compulsion to the Police Station, in order to settle the issue. In the judgment of the Hon'ble High Court of Kerala 3rd cited, the position has been confirmed and it is laid down that the questions relating to title, possession, right to enjoy an immovable property, boundary disputes etc. are matters falling within the exclusive jurisdiction of civil courts. The court has also confirmed the settled position on the following points in this regard on the basis of precedents, as follows:-

1. If there is a genuine dispute between the parties that has to be resolved by the civil courts, and the Police feel that there is a genuine dispute which should normally call for decision by an appropriate court, they will be right in refusing to interfere.

2. In matter involving civil rights or disputes regarding title and possession over property, it is not proper for the court to interfere by invoking writ jurisdiction

under Art.226 of the Constitution of India with an order for police protection. These are matters essentially within the domain of the civil courts on which the parties should approach those courts and seek redress. What the court can order, direct or compel in a writ petition under Art.226 of the Constitution of India seeking police protection is what the police ought to do or ought to have been done under any of the statute governing the duties of police.

3. Neither the Code of Criminal Procedure nor the Police Act or any of the statutes governing the acts or duties of Police enjoins them to render police assistance or police protection for determining the disputed civil rights.

4. Where a decree for possession had been executed and the decree holder had taken possession, then police protection could be given if the other party (Judgment Debtor) again attempted to trespass upon the property in defiance of the orders passed in the execution proceedings. In such a situation the Plaintiff/decree holder shall not be driven to a civil court for another round of litigation seeking recovery of possession.

In the case *Kallai Abu Vs. State of Kerala* [WP(C) No.12588/2012] a division bench of the Hon'ble High Court of Kerala had already laid down vide judgment dated 17-11-2012 that even if a person obtains a decree declaring his title and possession, no police protection can be granted to him to put up the boundary of that decree schedule property without the dividing line fixed by the competent Court first. Even if there is an order of injunction restraining a party from entering into the property, the Court shall not invoke the powers under Art.226 by ordering police protection. The party which obtains such a decree can approach the Civil Court for enforcement of that decree. The statutory power given to the Survey officer is only to fix the boundary. The boundary so fixed is not final, that is subject to the result of the suit. Putting up of boundary is a mater to be resolved only through a competent Civil Court. Merely because the Survey and Boundaries



35

Act confers power on the Survey Officer to fix a boundary, it does not mean that a party is entitled to put up boundary through the line so fixed by the Survey Officer with police help ignoring the dispute raised by the opposite side.

Any civil dispute between the citizens is a matter to be decided by the Civil Court. If an order of the Civil Court is not obeyed, there is a procedure under the Code of Civil Procedure by which the order can be executed. In execution, where there is obstruction by a person who is bound by the decrees and claiming through the judgment debtor, the Civil Court is empowered to issue direction for enabling the execution, if necessary, with the aid of the police.

As per Section 4(j) of the Kerala Police Act, 2011, the Police have statutory duty to prevent and resolve disputes and conflicts which may result in crimes. But Section 63(d) of the said Act specifies the limits upto which police can interfere in civil disputes and police cannot go beyond those limits. The power to resolve disputes and conflicts under the provision is not intended to confer authority to adjudicate civil disputes and conflicts. The resolution of civil disputes is a matter absolutely within the domain of civil court only. It is hereby instructed that the interference of the Police in civil matters shall be only as permitted by law and in compliance with court orders as noted above.

10/8

**Loknath Behera, IPS,**
State Police Chief.

To
All Officers in List D- for information and urgent necessary action.

Copy to: Circular Register, Kerala Police Website.

സി5-198361/2015/പി എച്ച് ക്യു
പോലീസ് ആസ്ഥാനം,
കേരളം,
തിരുവനന്തപുരം
തീയതി 10 /8/2016.

## സർക്കുലർ നം. 14 /2016

വിഷയം: സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:
1) 10/3/2012-ലെ പി എച്ച് ക്യു സർക്കുലർ നമ്പർ.04/2012
2) സംസ്ഥാന പോലീസ് മേധാവിയുടെ 11/01/2016, 17/03/2016 തീയതികളിലെ സി5-198361/2015/പി എച്ച് ക്യു നമ്പർ കത്തുകൾ
3) റിട്ട് പെറ്റിഷൻ നം.17740/21016-ൽ 31/5/2016-ൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

2011 ലെ കേരള പോലീസ് ആക്ടിന്റെ 63-ാം വകുപ്പിലെ വ്യവസ്ഥകളും കോടതി വിധികളും അനുസരിച്ചും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ, കേരള സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി എന്നിവയുടെ ശുപാർശകൾ അനുസരിച്ചും, പോലീസ് ഉദ്യോഗസ്ഥർ സിവിൽ സ്വഭാവമുള്ള യാതൊരു തർക്കങ്ങളിലും ഇടപെടുവാൻ പാടുള്ളതല്ലായെന്നും തർക്ക പരിഹാരത്തിനായി കക്ഷികളെ നിർബന്ധപൂർവം പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുവാൻ പാടില്ലായെന്നും സൂചന 1-ഉം 2-ഉം പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സൂചന 3-ലെ ബഹു.കേരള ഹൈക്കോടതി വിധിയിൽ, ഉടമസ്ഥാവകാശം, കൈവശാവകാശം, സ്ഥാവര വസ്തുക്കൾ കൈവശം വച്ചുപയോഗിക്കുവാനുള്ള അവകാശം, അതിർത്തി തർക്കങ്ങൾ തുടങ്ങിയവ സിവിൽ കോടതികളുടെ മാത്രം അധികാരപരിധിയിൽപ്പെടുന്ന കാര്യങ്ങളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകാല വിധി ന്യായങ്ങൾ അനുസരിച്ച് താഴെപറയുന്ന വിഷയങ്ങളിൽ പോലീസ് സ്വീകരിക്കേണ്ട നിലപാടുകൾ കോടതി വ്യക്തമാക്കിയിട്ടുള്ളത് ഇപ്രകാരമാണ്.

30

1. സിവിൽ കോടതികൾ മുഖേന പരിഹരിക്കപ്പെടേണ്ടതായ ഒരു യഥാർഥ തർക്കം കക്ഷികൾക്കിടയിൽ നിലനിൽക്കുകയും ആയത് അനുയോജ്യമായ ഏതെങ്കിലും കോടതി മുഖേന തീരുമാനിക്കപ്പെടേണ്ടതാണെന്ന് പോലീസ് കരുതുകയും ചെയ്യുന്ന പക്ഷം, അതിൽ ഇടപെടാതിരിക്കുകയാണ് ഉചിതമായ നടപടി.

2. വസ്തുവകകളിൻമേലുള്ള ഉടമസ്ഥത, കൈവശാവകാശം എന്നിവ സംബന്ധിച്ച തർക്കങ്ങളോ സിവിൽ അവകാശങ്ങളോ സംബന്ധിച്ച കാര്യങ്ങളിൽ, ഇൻഡ്യൻ ഭരണഘടനയുടെ 226-ാം അനുഛേദ പ്രകാരം റിട്ട് അധികാരം നടപ്പിലാക്കുന്നതിന് കോടതി പോലീസ് സംരക്ഷണം ആവശ്യപ്പെടുന്നത് ഉചിതമല്ല. ഇക്കാര്യങ്ങൾ തീർത്തും സിവിൽ കോടതികളുടെ പരിധിയിൽപ്പെടുന്നതാകയാൽ കക്ഷികൾ അത്തരം കോടതികളെ സമീപിച്ച് പരിഹാരം തേടേണ്ടതാണ്. ഇൻഡ്യൻ ഭരണഘടനയുടെ 226-ാം അനുഛേദ പ്രകാരം, പോലീസിന്റെ കർത്തവ്യങ്ങൾ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമങ്ങൾ അനുശാസിക്കും വിധം, പോലീസ് ചെയ്യേണ്ടുന്നതോ, ചെയ്യേണ്ടിയിരുന്നതോ ആയ കാര്യങ്ങൾ മാത്രമേ റിട്ട് പെറ്റീഷനുകളിൽ കോടതിക്ക് പോലീസിനോട് ആവശ്യപ്പെടുവാനോ, നിർദ്ദേശിക്കുവാനോ, നിർബന്ധിക്കുവാനോ കഴിയുകയുള്ളു.

3) ക്രിമിനൽ നടപടി നിയമസംഹിതയോ, പോലീസ് ആക്ടോ, പോലീസിന്റെ പ്രവർത്തനങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച മറ്റേതെങ്കിലും നിയമങ്ങളോ, സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് പോലീസ് സഹായമോ, പോലീസ് സംരക്ഷണമോ, നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല.

4) കൈവശാവകാശം സംബന്ധിച്ച ഒരു വിധി നടപ്പിലാക്കുകയും വിധി നേടിയ യാൾ അവകാശമേറ്റെടുക്കുകയും ചെയ്തശേഷവും, വിധി നടപ്പിലാക്കൽ നട പടിക്രമങ്ങളിലെ ഉത്തരവുകൾ ലംഘിച്ചുകൊണ്ട് എതിർകക്ഷി (വിധിക്കടക്കാരൻ) വീണ്ടും അതിക്രമിച്ചു കടക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ പോലീസ് സംര ക്ഷണം നൽകാവുന്നതാണ്. ഈ സാഹചര്യത്തിൽ കൈവശാവകാശം നടപ്പിലാ ക്കുന്നതിനായി വാദിയെ/ വിധി നേടിയ ആളെ വീണ്ടും നിയമ നടപടികളുമായി സിവിൽ കോടതിയിലേയ്ക്ക് അയക്കേണ്ടതില്ല.

Kallai Abu V State of Kerala എന്ന കേസിൽ (റിട്ട് പെറ്റീഷൻ നം 12588/2012) 17/11/2012 ലെ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായമനുസരിച്ച്, ഒരാൾ തന്റെ ഉടമസ്ഥ കൈവശാവകാശങ്ങൾ നിർണ്ണയിച്ചു കൊണ്ടുള്ള വിധി നേടിക്കഴിഞ്ഞാലും, വിധി നടപ്പാക്കേണ്ട വസ്തുവിൽ ബന്ധപ്പെട്ട കോടതി അതിർത്തി രേഖകൾ നിശ്ചയിക്കാതെ, അവിടെ അതിർത്തി കെട്ടിതിരിക്കുന്നതിനായി പോലീസ് സംരക്ഷണം അനുവദിക്കുവാൻ പാടുള്ളതല്ല. ഒരു കക്ഷി വസ്തുവിൽ പ്രവേശിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിരോധനഉത്തരവ് (Injunction Order) നിലവിലുണ്ടെങ്കിൽ പോലും, 226-ാം അനുഛേദം വ്യവസ്ഥ ചെയ്യുന്ന അധികാരങ്ങൾ നടപ്പിലാക്കാൻ കോടതി ഒരിക്കലും പോലീസ് സംരക്ഷണം ആവശ്യപ്പെടുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടുള്ളതല്ല. അപ്രകാരമൊരു വിധി നേടിയെടുക്കുന്ന കക്ഷിക്ക് ആയത് നടപ്പിലാക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാവുന്നതാണ്. സർവ്വേ ഓഫീസർക്ക്, നിയമപരമായി അതിർത്തി നിർണ്ണയിക്കാൻ മാത്രമാണ് അധികാരമുള്ളത്. അപ്രകാരം നിർണ്ണയിക്കപ്പെടുന്ന അതിർത്തി അന്തിമമായിരിക്കില്ല. അത് വ്യവഹാര വിധിക്ക് വിധേയമായിരിക്കും. അതിർത്തി കെട്ടിതിരിക്കൽ സിവിൽ കോടതിയുടെ മാത്രം അധികാര പരിധിയിൽപ്പെടുന്ന കാര്യമാണ്. സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം അതിർത്തി നിർണ്ണയിക്കാനുള്ള അധികാരം സർവ്വേ ഓഫീസർക്ക് നൽകിയിട്ടുണ്ട് എന്നത് കൊണ്ട് മാത്രം, എതിർ കക്ഷി ഉയർത്തിയിട്ടുള്ള തർക്കം അവഗണിച്ച് കൊണ്ട് പോലീസ് സഹായത്തോടെ സർവ്വേ ഓഫീസർ നിശ്ചയിച്ച രേഖയിലൂടെ അതിർത്തി കെട്ടിത്തിരിക്കുവാൻ ഒരു കക്ഷിക്ക് അധികാരമുണ്ടെന്ന് അർത്ഥമാക്കേണ്ടതില്ല.

പൗരൻമാർ തമ്മിലുള്ള ഏതൊരു സിവിൽ തർക്കവും പരിഹരിക്കേണ്ടത് സിവിൽ കോടതിയാണ്. ഒരു സിവിൽ കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ, സിവിൽ നടപടി നിയമ സംഹിത (Code of Civil Procedure) പ്രകാരം ആയത് നടപ്പാക്കാനായി പ്രത്യേക നടപടി ക്രമങ്ങൾ നിലവിലുണ്ട്. അങ്ങനെ നടപ്പിലാക്കുമ്പോൾ വിധി നടപ്പിലാക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വ്യക്തിയുടെ ഭാഗത്തു നിന്നും വിധികടക്കാരൻ നിയോഗിച്ച പ്രകാരം തടസ്സമുണ്ടാക്കുന്നുവെങ്കിൽ, സിവിൽ കോടതിക്ക് ആവശ്യമെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി പോലീസ് സഹായം ആവശ്യപ്പെടുവാൻ അധികാരമുണ്ട്.

കേരളാ പോലീസ് ആക്ട് 2011 ലെ 4 (j) വകുപ്പ് പ്രകാരം, കുറ്റകൃത്യങ്ങളായി പരിണമിച്ചേക്കാവുന്ന തർക്കങ്ങളേയും സംഘർഷങ്ങളും ഒഴിവാക്കുക, പരിഹരിക്കുക എന്നിവ പോലീസിന്റെ നിയമപരമായ കർത്തവ്യങ്ങളാണ്. എന്നാൽ പ്രസ്തുത ആക്ടിന്റെ 63(ഡി) വകുപ്പ്, സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുന്നതു സംബന്ധിച്ച പരിധി വ്യക്തമാക്കുന്നുണ്ട്. ആ പരിധിക്കപ്പുറം പോകാൻ പോലീസിന് കഴിയുന്നതല്ല. ഈ വകുപ്പിൽ വ്യവസ്ഥചെയ്യും പ്രകാരം സിവിൽ തർക്കങ്ങളും വഴക്കുകളും പരിഹരിക്കുന്നതിന് മേൽ വ്യവസ്ഥ പ്രകാരമുള്ള അധികാരം എന്നത് സിവിൽ തർക്കങ്ങളും വഴക്കുകളും ന്യായ വിചാരണ നടത്തി പരിഹരിക്കുന്നതിനുള്ള അധികാരം എന്ന് അർത്ഥമാക്കുന്നില്ല. സിവിൽ തർക്ക പരിഹാരം എന്നത് സിവിൽ കോടതിയുടെ അധികാര പരിധിയിൽ മാത്രംപെടുന്ന കാര്യമാണ്. ആയതിനാൽ സിവിൽ പ്രശ്നങ്ങളിൽ പോലീസ് ഇടപെടുന്നത് നിയമം അനുശാസിക്കും വിധം മാത്രവും, മേൽപ്പറഞ്ഞ കോടതി ഉത്തരവുകൾ അനുസരിച്ചും ആയിരിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

**ലോക്നാഥ് ബഹ്റ ഐ.പി.എസ്**
**സംസ്ഥാന പോലീസ് മേധാവി**

പകർപ്പ്: ലിസ്റ്റ് ഡി യിലെ എല്ലാ ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി.

: സർക്കുലർ രജിസ്റ്റർ, കേരളാ പോലീസ് വെബ്സൈറ്റ്.

എൻ.കെ. 8.8.16 എഫ്.സി 54